# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3119

15.12.2015-ൽ
മറുപടിക്ക്

## ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.അച്ചുതൻ**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.വി.ഡി.സതീശൻ** | **ശ്രീ.അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | എ) രജിസ്ട്രേഷൻ വകുപ്പിൽ ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണവും സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് തടസ്സമാകുന്നു. ഈ കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റി, നിലവിലെ രജിസ്ട്രേഷൻ ഡേറ്റയുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകൾ ഉടനടി നല്കാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |
| സി) ഇതു നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) കൊട്ടാരക്കര (അഡീഷണൽ), നേമം, ചാല, പട്ടം, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ |

ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് നടപടി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാൻറ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിലൂടെ 320 ലക്ഷം രൂപയ്ക്ക്, 2015-16 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ